# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.416 — 26.06.2014 ൽ മറുപടിക്ക്

### വിപണി ഇടപെടൽ പദ്ധതി

**ചോദ്യം**

ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, പാലോട് രവി

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത സാധനങ്ങൾ കുറഞ്ഞ നിരക്കിലും ജനങ്ങൾക്ക് താങ്ങാനാവുന്ന വിലയിലും നൽകാൻ പ്രസ്തുത പദ്ധതിയിലൂടെ സൗകര്യമൊരുക്കുമോ ?

(എ) ഉണ്ട്

(ബി) (സി) & (ഡി) വിപണിയിലുണ്ടാകുന്ന വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും കേരള സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ വിപണിയിടപെടൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും, നിലവിൽ വിതരണം ചെയ്യുന്ന സാധനങ്ങളെ സംബന്ധിച്ച വിവരങ്ങളും അതിനായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും താഴെ വിശദമാക്കുന്നു.

1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു.

| ക്രമ നം. | ഇനം | നിലവിലെ വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 55.00 |
| 2 | ഉഴുന്ന് (ഹോൾ) | 42.00 |
| 3 | വൻകടല | 45.00 |
| 4 | വൻപയർ | 35.00 |

| | | |
|---|---|---|
| 5 | തുവരപ്പരിപ്പ് | 45.00 |
| 6 | മുളക് | 55.00 |
| 7 | മല്ലി | 60.00 |
| 8 | പഞ്ചസാര | 26.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 21.00 |
| 11 | മട്ട അരി | 21.00 |
| 12 | പച്ചരി (സോർട്ടക്സ്) | 21.00 |
| 13 | വെളിച്ചെണ്ണ | 62.00 |

2) കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതി നായി 10 പുതിയ സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ 2014 മാർച്ച് മാസം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുൾ പ്പെടെ 23 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്

3) യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നു വെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചിട്ടുണ്ട്.

4) ഗോതമ്പുപൊടിയുടെ വില വർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻകടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 15 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

5) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 മുതൽ 20 % വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം

നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

6) പൊതുവിപണയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

7) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

8) പൊതുവിപണിയേക്കാൾ ഏകദേശം 60% വില കുറച്ച് പ്രതിമാസം കാർഡ് ഒന്നിന് 1 ലിറ്റർ വെളിച്ചെണ്ണ ലിറ്ററിന് 62 രൂപ നിരക്കിൽ വിറ്റ് ഉപഭോക്താക്കൾക്ക് വിലക്കയറ്റം മൂലമുള്ള ഭാരം കുറയ്ക്കുന്നു.

9) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 59 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

10) കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർമാർക്കറ്റുകളായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11) ഗുണനിലവാരം ഉറപ്പ് വരുത്തു

ന്നതിനായി എല്ലാ സാധനങ്ങളും QC കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമേ വില്പനയ്ക്ക് വയ്ക്കുകയുള്ളൂ .

12) 93 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻരക്ഷാ മരുന്നുകളും 13% മുതൽ 50% ശതമാനം വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കുന്നു.

ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്.

Beena

**സെക്ഷൻ ഓഫീസർ**